**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **02-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തന പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2022-23 സംരംഭക വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് നടപ്പാക്കി വരുന്നു. 30/3/2022- ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.<br><br>2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാദ്ഗാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.<br><br>1. സംസ്ഥാനത്തെ **1034** തദ്ദേശസ്വയംഭരസ്ഥാപനങ്ങളിൽ തിങ്കൾ**,** ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.<br>2. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.<br>3. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ |

ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

4. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും **4%** പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി **(SLBC)** ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം **(KELS)** അവതരിപ്പിച്ചു.
5. എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.
6. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ, 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' (**One Local body One Product-OLOP)** എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ച് കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
7. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനുമായി **കേരള ബ്രാൻഡ്** സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി **Open Network for Digital Commerce (ONDC)** യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.
8. സംസ്ഥാനത്തെ ഭൗമ സൂചിക **(GI)** പദവി ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക്

| | | | |
|---|---|---|---|
| | | | അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്ക് ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചു.<br><br>പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് വിപണി സാദ്ധ്യതകൾ വർധിപ്പിക്കുവാൻ വേണ്ടി നവംബർ മുതൽ ഫെബ്രുവരി വരെ എല്ലാ താലൂക്കുകളിലും മാർക്കറ്റിങ് മേളകൾ നടത്തി വരുന്നു. പുതുതായി സ്ഥാപിതമായ സംരംഭങ്ങൾക്ക് പ്രാദേശിക വിപണികളിൽ അവരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും വ്യാപാര ഇടപാടുകൾ സുഗമമാക്കാനും പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയാണ് കാമ്പെയ്ൻ ലക്ഷ്യമിടുന്നത്. സംരംഭങ്ങളെ ജനപ്രിയ ഇ-കൊമേഴ്സ് പ്ലാറ്റ് ഫോമുകളുമായി ബന്ധിപ്പിക്കുന്നതിനും കാമ്പയിൻ സഹായിക്കും. കൂടാതെ ഒരു കുടുംബം ഒരു സംരംഭം എന്ന സാമ്പത്തിക സഹായ പദ്ധതിയും ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സാങ്കേതിക യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിവിധ സർക്കാർ വകുപ്പുകൾ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും **1153** പ്രൊഫഷണലുകളെ ഇന്റേണുകളായി നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്, പി.എം.എഫ്.എം.ഇ. തുടങ്ങിയ പദ്ധതികളിലൂടെ സംരംഭകർക്ക് സബ്സിഡി ധനസഹായം |

| | | | |
|---|---|---|---|
| | എങ്കിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിശദാംശം അറിയിക്കാമോ; | | ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സംരംഭകരെ കണ്ടെത്തുന്നതിനായി പൊതു ബോധവത്കരണ സെമിനാറുകൾ, ലോൺ മേളകൾ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ തുടങ്ങി വിവിധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ ഉല്പന്ന, കാർഷിക ഉല്പന്ന മേഖലകൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127,214 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85 കോടി രൂപയുടെ നിക്ഷേപവും 273,931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഇതിൽ കാർഷിക ഭക്ഷ്യ ഉൽപ്പന്ന സംസ്കരണ മേഖലയിൽ 22039 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അത് വഴി 1275.6 കോടി രൂപയുടെ നിക്ഷേപവും 54500 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. |
| (ഇ) | ആയതു പ്രകാരം പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ? | (ഇ) | ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി പട്ടാമ്പി നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പ സാമ്പത്തിക വർഷത്തിൽ പുതുതായി തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം (28/01/2023 തീയതിയിലെ കണക്ക് പ്രകാരം) ചുവടെ ചേർക്കുന്നു.<br><br>പട്ടാമ്പി മുനിസിപ്പാലിറ്റി - 179<br><br>വിളയൂർ - 95<br><br>കൊപ്പം - 115<br><br>തിരുവേഗപ്പുറ - 115<br><br>മുതുതല - 85<br><br>കലുക്കല്ലൂർ - 87<br><br>പരുതൂർ - 87<br><br>ഓങ്ങല്ലൂർ - 134<br><br>വല്ലപ്പുഴ - 112<br><br>ആകെ - 1009 |

സെക്ഷൻ ഓഫീസർ